## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *69** | **10.06.2019- ൽ മറുപടിക്ക്**

## തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, വി.ടി.ബൽറാം
,, എ.പി. അനിൽ കുമാർ :

(എ) സെക്ഷ്വൽ ഹരാസ്സ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക്പ്ലേസ് (പ്രിവൻഷൻ ആന്റ് റിഡ്രസ്സൽ) ആക്ട്, 2013 പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം പത്ത് തൊഴിലാളികളിൽ കൂടുതൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിക്കുന്നത്;

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക് സൈസും വകുപ്പ് മന്ത്രി

(എ) (ബി) യും (സി) യും

തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place(Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 1556/ബി3/16/സാനീവ തീയതി 26.05.16 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്വമാണ്.

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളിൽ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 ബി (5)

പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് തൊഴിലുടമകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാത്ത പക്ഷം സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) അസംഘടിതമേഖലയിൽ ഈ നിയമം എപ്രകാരമാണ് ബാധകമാക്കിയിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) The Sexual Harassment of Women at Work Place(Prevention, Prohibition And Redressal) Act-2013 വകുപ്പ് 2 (P) പ്രകാരം അസംഘടിത മേഖലയിലും ഈ നിയമം ബാധകമാണ്.

(ഇ) തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അവരെ ബോധവൽക്കരിക്കുന്നതിന് മലയാളത്തിൽ ലഘുലേഖ തയ്യാറാക്കി തൊഴിലിടങ്ങളിൽ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

(ഇ) തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അവരെ ബോധവൽക്കരിക്കുന്നതിന് ഇതിനകം തന്നെ മലയാളത്തിൽ ലഘുലേഖ തയ്യാറാക്കി തൊഴിലിടങ്ങളിൽ വിതരണം ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ